FEBRUARY 2023 | Vol. 2 | Issue:2

"YOU ARE THE LIGHT OF THE WORLD" (MT 5:14)

# The Light

Catholic Doctrines Simplified

*A Joint Venture of*

**DOCTRINAL COMMISSION AND INTERNET MISSION OF THE SYRO MALABAR CHURCH**



## സാമൂഹിക പ്രബോധനങ്ങൾ സഭയുടെ ധാർമ്മിക മുഖം

ഡോ. കെ. എം. ഫ്രാൻസീസ്



Designed and published by
Syro Malabar Church Internet Mission (SMCIM)

Matter prepared by Doctrinal Commission

“

ഈശോ മിശിഹായുടെ
പ്രബോധനങ്ങൾ
മനുഷ്യവ്യക്തിത്വത്തെ
അതിന്റെ സമഗ്രതയിലാണ്
അവതരിപ്പിക്കുന്നത്.
സ്വർഗ്ഗസ്ഥനായ പിതാവി
ന്റെ പൂർണ്ണതയിൽ
എത്തിച്ചേരാനാണ്
ഈശോ ആഹ്വാനം
ചെയ്യുന്നത്. ദൈവം
പരിശുദ്ധനായിരി
ക്കുന്നതു പോലെ നീയും
പരിശുദ്ധനാകുക.

”




# സാമൂഹിക പ്രബോധനങ്ങൾ സഭയുടെ ധാർമ്മിക മുഖം

കത്തോലിക്കാ യുവജനങ്ങൾ വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് നിരീശ്വരവാദ യുക്തിവാദ പ്രസ്ഥാനങ്ങളിൽ ആകൃഷ്ടരാകുന്നുവെന്ന ആശങ്കകൾ കേരള സഭയുടെ വിവിധ തലങ്ങളിൽ പ്രകടിപ്പിക്കപ്പെടുന്നുണ്ട്. എന്തുകൊണ്ട് യുവജനങ്ങൾ വിശ്വാസജീവിതത്തിൽ നിന്ന് അകന്നുപോകുന്നുവെന്നതിന് അനേകം കാരണങ്ങളുണ്ട്. അതിൽ പ്രധാനവും പ്രസക്തവുമായ ഒരു യാഥാർത്ഥ്യം യുവജനങ്ങൾക്ക് അവരുടെ വിശ്വാസജീവിതവും ഭൗതിക ജീവിതലക്ഷ്യവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം നിലനിൽക്കുന്നുണ്ടെന്ന തിരിച്ചറിവില്ലാത്തതാണ്.

ലിയോ പതിമൂന്നാമൻ പാപ്പായുടെ റേരും നൊവാരും എന്ന കൃതിയുടെ നൂറാം വാർഷികാഘോഷവേളയിൽ വി.ജോൺ പോൾ രണ്ടാമൻ ഇപ്രകാരം രേഖപ്പെടുത്തി. റേരും നൊവാരും എന്ന കൃതി പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപ് വിശ്വാസ ജീവിതവും സാമൂഹിക ജീവിതവും രണ്ടാണെന്ന രീതിയിലാണ് ലോകം മുന്നോട്ടുപോയിരുന്നത്. എന്നാൽ റേരും നൊവാരും ഈ ധാരണയെ തിരുത്തി. അങ്ങിനെ സാമൂഹിക ജീവിതത്തിലെ പ്രശ്നങ്ങളെ പരിഹരിക്കാൻ വിശ്വാസജീവിതത്തിന് ചിലത് സംഭാവന ചെയ്യാനുണ്ടെന്ന് മഹാനായ ലിയോ സഭയ്ക്കും ലോകത്തിനും



വെളിപ്പെടുത്തിയതിന്റെ അടയാളമാണ് റേരും നൊവാരും (ജോൺ പോൾ രണ്ടാമൻ, ചെന്തേസിമൂസ് ആനൂസ്, 5, 1991). റേരും നൊവാരുമിനെ പിൻതുടർന്ന് പരിശുദ്ധ പിതാക്കൻമാർ വിശ്വാസവും സാമൂഹിക ജീവിതവും തമ്മിൽ ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന വിവിധ സിദ്ധാന്തങ്ങളുടെ സമുച്ചയമാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ. സമൂഹത്തിലെ സമകാലീന പ്രശ്നങ്ങളെ മനസ്സിലാക്കാനും, വിശകലനം ചെയ്യാനും, പരിഹാരം നിർദ്ദേശിക്കാനും വേണ്ടി സഭയുടെ അടിസ്ഥാന പ്രബോധനങ്ങളുടെ തുടർച്ചയായി സഭ നിർമ്മിച്ചിട്ടുള്ള സിദ്ധാന്ത സമുച്ചയമാണ് സാമൂഹിക പ്രബോധനങ്ങൾ (ചെന്തേസിമൂസ് ആനൂസ്, 4).

## ഈ ലോകവും പരലോകവും

ചിന്തയും പ്രവർത്തിയും, ആത്മാവും ശരീരവും, ഈ ലോകവും പരലോകവും എന്നിവ വേർതിരിഞ്ഞു നിൽക്കുന്ന ദ്വന്ദങ്ങളല്ല. ആത്മാവിന്റെയും ശരീരത്തിന്റെയും സമഗ്രതയാണ് കത്തോലിക്കാ വിശ്വാസത്തിന്റെ അടിത്തറ. എന്നാൽ മനുഷ്യനിൽ പാപം സൃഷ്ടിച്ച വിഭജനം നിലനിൽക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖയായ ‘സഭ ആധുനിക ലോകത്തിൽ’ ഇപ്രകാരം പറയുന്നു: മനുഷ്യൻ ആന്തരികമായി വിഭജിതനാണ് (സഭ ആധുനിക ലോകത്തിൽ, 13). ഈ വിഭജനത്തിൽ ജീവിക്കുന്ന മനുഷ്യന്റെ ചിന്തയിലും പ്രവർത്തനത്തിലും മുകളിൽ പറഞ്ഞ ദ്വന്ദങ്ങൾ സത്യമാണെന്ന് സ്വീകരിക്കാൻ പ്രലോഭിപ്പിക്കപ്പെടുന്നു. ഈ പ്രലോഭനത്തിന്റെ അനന്തരഫലമായി ഈ ലോക ജീവിത ലക്ഷ്യം യേശുവിന്റെ രണ്ടാം വരവിനെ കാത്തിരിക്കുക, സ്വർഗ്ഗത്തിൽ പോകുക എന്നതു മാത്രമായി വലിയൊരു ശതമാനം വിശ്വാസികളും ചുരുങ്ങിയിരിക്കുന്നു. അതുകൊണ്ടു തന്നെ വിശ്വാസജീവിതത്തിന് സാമൂഹിക ജീവിതവുമായി ഒരു ബന്ധം കണ്ടെത്താൻ യുവജനങ്ങൾക്ക് കഴിയാതെ പോകുന്നു. ധ്യാനകേന്ദ്രങ്ങൾ, വച



നപ്രഘോഷണ വേദികൾ, മതബോധന മേഖലകൾ എന്നിവിടങ്ങളിൽ ഒരു വിശ്വാസി പുലർത്തേണ്ട സാമൂഹിക ഔത്സുക്യം എന്താണെന്ന് ഓർമ്മിപ്പിക്കുന്നതിൽ നാം പരാജയപ്പെടുന്നുണ്ടോ? യഥാർത്ഥത്തിൽ സഭയുടെ സാമൂഹിക പ്രബോധനങ്ങൾ മുഴുവനും വിശ്വാസി പുലർത്തേണ്ട സാമൂഹിക ഔത്സുക്യത്തിന്റെ ഓർമ്മപ്പെടുത്തലുകളാണ്. സാമൂഹിക പ്രബോധനങ്ങൾ ഈ ലോകവും പരലോകവും തമ്മിലുള്ള ബന്ധം പ്രകാശിപ്പിക്കുന്നു.

## സാമൂഹിക പ്രബോധനങ്ങളുടെ വിശുദ്ധ ഗ്രന്ഥ അടിത്തറ

ഈശോ മിശിഹായുടെ പ്രബോധനങ്ങൾ മനുഷ്യവ്യക്തിത്വത്തെ അതിന്റെ സമഗ്രതയിലാണ് അവതരിപ്പിക്കുന്നത്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പൂർണ്ണതയിൽ എത്തിചേരാനാണ് ഈശോ ആഹ്വാനം ചെയ്യുന്നത്. ദൈവം പരിശുദ്ധനായിരിക്കുന്നതു പോലെ നീയും പരിശുദ്ധനാകുക. ഈ പരിശുദ്ധി (holiness) എങ്ങിനെ നേടിയെടുക്കാം?

വിശുദ്ധിയെന്നാൽ സ്നേഹത്തിന്റെ പൂർണ്ണതയാണ്. ഇതിനായി ഈശോ പറയുന്നു: (a) നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക (b) നിന്നെ (നിന്നിലെ ദൈവഛായയെ) സ്നേഹിക്കുക (c) നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ഈ സമഗ്രതയിൽ അയൽക്കാരന്റെ കാവൽക്കാരനാണ് ഓരോ വ്യക്തിയും എന്ന പ്രചോദനം ആന്തരികതയിൽ നിന്നും നഷ്ടപ്പെടുന്നതാണ് സാമൂഹിക പ്രശ്നം. ഫ്രാൻസീസ് മാർപാപ്പയുടെ ''നാം സോദരർ'' എന്ന ലേഖനം എങ്ങനെയാണ് നാം അയൽക്കാരന്റെ കാവൽക്കാരനാകേണ്ടതെന്ന് കൂടുതൽ വ്യക്തമായി ഓർമ്മപ്പെടുത്തുന്നു.



നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നത് പരോപകാര പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുന്നതിൽ അവസാനിപ്പിക്കുന്ന ഒരു ശൈലി ക്രൈസ്തവ കുടുംബങ്ങളിൽ വ്യാപകമാണ്. ഇത്തരം പ്രവണതകൾക്കെതിരെയുള്ള നിലപാടുകളാണ് സഭയുടെ സാമൂഹിക ചാക്രികലേഖനങ്ങൾ. അയൽക്കാരനെ സ്നേഹിക്കുക എന്നാൽ സമുദായാംഗങ്ങളെ സ്നേഹിക്കുകയാണെന്ന പരിമിതമായ അർത്ഥത്തിലാണ് യഹൂദർ ഉപയോഗിച്ചിരുന്നത്. ''അയൽക്കാർ'' എന്നാൽ പ്രകൃതിയിലെ ജീവജാലങ്ങളും പുഴകളും കാടുകളും എല്ലാം ചേർന്ന വിശാല യാഥാർത്ഥ്യമാണെന്ന് ഫ്രാൻസീസ് മാർപാപ്പയുടെ ദൈവത്തിന് സ്തുതി എന്ന സാമൂഹിക പ്രബോധനം ഓർമ്മിപ്പിക്കുന്നു.

## സഭ ആധുനിക ലോകത്തിൽ

എല്ലാ സാമൂഹിക പ്രബോധനങ്ങളുടേയും, കേന്ദ്രമായി ഇപ്പോൾ നിലനിൽക്കുന്നത് 'സഭ ആധുനിക ലോകത്തിൽ' എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖയാണ്. ഈ രേഖ യേശുക്രിസ്തു മാതൃകാമനുഷ്യനാണെന്ന് ചൂണ്ടിക്കാണിക്കുന്നു. തൊഴിൽ ചെയ്യുക, കുടുംബം രൂപപ്പെടുത്തുക, സമൂഹത്തെ കെട്ടിപ്പടുക്കുക, രാഷ്ട്രം നിർമ്മിക്കുക, അന്താരാഷ്ട്ര സാമൂഹിക ബന്ധങ്ങൾ സൃഷ്ടിക്കുക എന്നതാണ് സ്നേഹത്തിന്റെ വിവിധ രൂപങ്ങൾ എന്ന് ഈ രേഖ പഠിപ്പിക്കുന്നു. ഈ രേഖ അറിയപ്പെടുന്നത് അജപാലന ഭരണഘടന (Pastoral constitution) എന്നാണ്. മറ്റൊരു വിധത്തിൽ ലോകത്തിലുള്ള എല്ലാ കത്തോലിക്ക രൂപതകളും, ഇടവകകളും, സ്ഥാപനങ്ങളും തങ്ങളുടെ അജപാലന പദ്ധതി തയ്യാറാക്കുമ്പോൾ അടിസ്ഥാനമാക്കേണ്ട രേഖയാണ് ''സഭ ആധുനിക ലോകത്തിൽ.''

സ്വർഗ്ഗരാജ്യമെന്നത്, ഈ ലോകത്തിന്റെ തുടർച്ചയാണെന്ന കാഴ്ചപ്പാടാണ് ഈ രേഖ മുന്നോട്ടു ചെയ്യുന്നത്. 'സ്വർഗത്തിലെപ്പോല



ഭൂമിയിലുമാകണമെ' എന്ന പ്രാർത്ഥനയുടെ പ്രയോഗ സാധ്യതകളാണ് പിന്നീട് വന്ന എല്ലാ സാമൂഹിക പ്രബോധനങ്ങളുടേയും കേന്ദ്രം. ഇത്തരത്തിൽ ഭൂമിയിലെ ദൗത്യം മറക്കുന്നവരാണ് 'ബൈബിൾ മാത്രം മതി', 'രണ്ടാം വരവ് സമാഗതമായയി,' 'എല്ലാവരും രക്ഷ പ്രാപിക്കാൻ എല്ലാം വിറ്റ് എന്റെ കൂടാരത്തിൽ വരൂ' എന്നീ തെറ്റായ പ്രബോധനങ്ങളിലൂടെ വിശ്വാസികളെ വഴിതെറ്റിക്കുന്നത്. മാത്രമല്ല, വിശ്വാസികളായ നിങ്ങളുടെ ഈലോക ജീവിതത്തിലെ ലക്ഷ്യമെന്ത്? എന്ന നിരീശ്വരവാദികളുടെ ചോദ്യത്തിനു മുൻപിൽ നമ്മുടെ യുവാക്കൾ നഷ്ടധൈര്യരാകുന്നു.

യേശുക്രിസ്തുവിൽ ലോകത്തെ രൂപാന്തരപ്പെടുത്തുക എന്നതാണ് അത്മായ ന്റെ ജീവിതലക്ഷ്യം. ഈ ലക്ഷ്യം എങ്ങനെ പൂർത്തീകരിക്കണമെന്നതിന്റെ ചൂണ്ടുപലകകളാണ് സാമൂഹിക പ്രബോധനങ്ങൾ. സാ മൂഹിക പ്രബോധനങ്ങളുടെ പ്രഘോഷണത്തിന്റെ അഭാവത്തിൽ അത്മായർ ജീവിതലക്ഷ്യം പരിമിതപ്പെടുത്തുന്നു. സുവിശേഷ പ്രഘോഷണത്തിന്റെ ആധുനിക ഭാവം സാമൂഹിക പ്രബോധനങ്ങളാണ്. അതുകൊണ്ട് സാമൂഹിക പ്രേഷിതത്വം എന്ന മേഖല യുവാക്കൾക്ക് തുറന്നുകൊടുക്കുമ്പോൾ സാമൂഹിക ജീവിതലക്ഷ്യത്തിനായി നിരീശ്വരവാദ പ്രസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നത് ഇല്ലാതാകും.

മനുഷ്യൻ, സ്വാതന്ത്ര്യം, തൊഴിൽ, കൂലി, രാഷ്ട്രഘടന, പരിസ്ഥിതി സൗഹൃദ ജീവിതം, കുടുംബം, യുദ്ധം, സമാധാനം, പുരോഗതി, രാഷ്ട്രവികസനം, ജനാധിപത്യം, സ്വകാര്യസ്വത്ത്, സാമൂഹ്യസ്വത്ത്, അന്താരാഷ്ട്ര കടങ്ങൾ മുതലായ സാമൂഹിക വിഷയങ്ങൾ അപഗ്രഥനം ചെയ്യുന്ന സാമൂഹിക പ്രബോധനങ്ങൾ സഭയുടെ ധാർമ്മിക കാഴ്ചപ്പാട് (Ethical Vision) അവതരിപ്പിക്കുന്നു. ധാർമ്മിക മുഖമില്ലാത്ത രാഷ്ട്രീയം നശിച്ചുപോകുന്നതുപോലെ, ധാർമ്മിക മുഖമില്ലാത്ത മതവും അപ്രസക്തമാണ്. സാമൂഹിക പ്രബോധനങ്ങൾ സഭയുടെ ധാർമ്മിക മുഖമാണ്.